**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ വലിയഴീക്കൽ കേന്ദ്രീകരിച്ച് വിഭാവനം ചെയ്തിട്ടുള്ള ടൂറിസം പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; എന്തെല്ലാം ഘടകങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | പദ്ധതിയുമായി ബന്ധപ്പെട്ട് ലാന്റ് അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപ്പാത, പാർക്ക്, കുട്ടികളുടെ കളി സ്ഥലം, പെഡൽ ബോട്ടിങ്, കഫറ്റേരിയ, സ്റ്റേജ് ലൈറ്റുകൾ എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നത് . |
| (ബി) | ഹരിപ്പാട് നെൽപ്പുരകടവ് ടൂറിസം പദ്ധതിയുടെ തുടർ നടത്തിപ്പ് ഹരിപ്പാട് നഗരസഭയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിലെയും, സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പറുകൾ അറിയിക്കാമോ; പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ആരുടെ പേരിലാണെന്ന കാര്യം വ്യക്തമാക്കാമോ; | (ബി) | നെൽപ്പുരകടവ് പദ്ധതി ഡി.ടി.പി.സി യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം, ഹരിപ്പാട് മുനിസിപ്പാലിറ്റിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഫയൽ നമ്പർ – P1-10056/2014 ആണ്. നെൽപ്പുരകടവ് പദ്ധതിയുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ-60757/സി2/2014-ടൂറിസം എന്നതാണ് |
| (സി) | ഹരിപ്പാട് മണ്ഡലത്തിൽ ഓണത്തോടനുബന്ധിച്ച് പ്രാദേശികമായി നടത്തിവരുന്ന വിവിധ വള്ളംകളി മത്സരങ്ങൾക്കായി ടൂറിസം വകുപ്പിൽ നിന്നും കഴിഞ്ഞ 4 വർഷങ്ങളിൽ വിതരണം ചെയ്തിട്ടുള്ള ഗ്രാന്റിന്റെ വിശദാംശവും , കുടിശ്ശിക തുകയുടെ വിശദാംശവും അറിയിക്കാമോ? | (സി) | ഹരിപ്പാട് മണ്ഡലത്തിൽ പ്രാദേശികമായി നടത്തിവരുന്ന വള്ളംകളി മത്സരങ്ങളായ പായ്പ്പാട് ജലോത്സവത്തിൽ 2022-23 വർഷത്തിൽ 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുമാരനാശാൻ സ്മാരക ജലോത്സവത്തിന് 2022-23 വർഷത്തിൽ അനുവദിച്ച 2 ലക്ഷം രൂപ ജലോത്സവസമിതിയുടെ പേരിൽ കേസ് നിലനിൽക്കുന്നതിനാൽ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ